LIBRARY ARCHIVES Kerala Legislative Assembly

പ്രസരണ-വിതരണ-ഉല്പാദന രംഗങ്ങളിൽ വൈദ്യുതി ബോർഡിനുണ്ടായ മൂലധന ചെലവ്

129 [879] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഓരോ വർഷവും വൈദ്യുതി പ്രസരണ-വിതരണ-ഉല്പാദന രംഗങ്ങളിൽ വൈദ്യുതി ബോർഡിനുണ്ടായ മൂലധന ചെലവ് സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പ്രസ്തുത ഇനത്തിൽ മൂലധന ചെലവ് എത്രയായിരുന്നു;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ബോർഡിന്റെ മൊത്തം സാമ്പത്തിക ബാദ്ധ്യത എത്ര കോടിയുടേതായിരുന്നു; ഇപ്പോൾ അത് എത്ര കോടിയുടേതായി വർദ്ധിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-12-2003 വരെ ഓരോ വർഷവും വൈദ്യുതി പ്രസരണ-വിതരണ-ഉല്പാദന രംഗങ്ങളിൽ വൈദ്യുതി ബോർഡ് നടത്തിയ മൂലധന ചെലവ് സംബന്ധിച്ച കണക്കുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ഉല്പ്പാദന-പ്രസരണ വിതരണ രംഗങ്ങളിൽ ബോർഡ് നടത്തിയ മൂലധന ചെലവ് സംബന്ധിച്ച കണക്കുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(സി) വൈദ്യുതി ബോർഡിന്റെ 2000-01-ലെ വാർഷിക കണക്ക് പ്രകാരം സർക്കാർ വായ്പ ഉൾപ്പെടെ 31-3-2001-ലെ മൊത്തം സാമ്പത്തിക ബാധ്യത (ലോൺ ലയബലിറ്റി) 4571.40 കോടി രൂപയാണ്. 31-3-2003-ലെ കണക്ക് പ്രകാരം മൊത്തം സാമ്പത്തിക ബാധ്യത (ലോൺ ലയബലിറ്റി) 5094.16 കോടി രൂപയാണ്.

കടയ്ക്കൽ 33 കെ. വി. സ്റ്റേഷന്റെ നിർമ്മാണം

130 [886] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടയ്ക്കൽ 33 കെ.വി. സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത 33 കെ.വി. സ്റ്റേഷൻ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും;

(സി) ഈ പദ്ധതിയുടെ ഗുണഫലം ഏതെല്ലാം പ്രദേശത്ത് ലഭിക്കും;

(ഡി) ഇതിന് വേണ്ടി വരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിളിമാനൂർ കടയ്ക്കൽ 33 കെ. വി. ലൈൻ വലിക്കുന്നതിനാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതയിലുള്ള കുറവുമൂലം ലൈൻ നിർമ്മാണത്തിൽ കാലതാമസം നേരിട്ടുവെങ്കിലും ഇപ്പോൾ പണി പുരോഗമിച്ചുവരുന്നു. പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം ഏകദേശം 75 ശതമാനം പൂർത്തിയായിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2004 ഏപ്രിൽ മാസത്തോടുകൂടി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നിലമേൽ, മടത്തറ, കണ്ടൻചിറ, ചെല്ലിമുക്ക്, കുമ്മിൾ തുടങ്ങിയ കടയ്ക്കൽ സബ്ഡിവിഷന്റെ പരിധിയിൽ വരുന്ന എല്ലാ പ്രദേശങ്ങളിലുമുള്ള ഏകദേശം 30,000-ൽ പരം ഉപഭോക്താക്കൾക്ക് ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കും.

(ഡി) 303 ലക്ഷം രൂപ.

കാസർഗോഡ് ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

131 [888] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ എത്ര പുതിയ സബ്സ്റ്റേഷനുകളും, ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും ഓരോന്നിനും എന്തുതുക ചെലവാകുമെന്നും എന്നേക്ക് പണി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ബി) ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും എന്തു തുക ചെലവാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി എട്ട് 33 കെ.വി. സബ്സ്റ്റേഷനുകളും, പതിമൂന്ന് ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇവയിൽ ഓരോ സബ്സ്റ്റേഷനും ചെലവാകുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു:

33 കെ.വി. സബ്സ്റ്റേഷൻ	ചെലവാകുന്ന തുക (കോടിയിൽ)
1. അനന്തപുരം	2.01
2. ബദിയടുക്ക	2.01
3. ബേലൂർ	1.81
4. പെർള	2.15
5. തൃക്കരിപ്പൂർ	2.41
6. വെസ്റ്റ് എളേരി	1.28
7. നീലേശ്വരം	3.31
8. കാസർഗോഡ് ടൗൺ	2.01

LIBRARY ARCHIVES Kerala Legislative Assembly